ബി3/2366/19

# അറിയിപ്പ്

വിഷയം :- അവധിക്കാല അധ്യാപക പരിശീലനം - പങ്കെടുക്കാത്ത അധ്യാപകരുടെ വിവരങ്ങൾ സംബന്ധിച്ച്

സൂചന :- പൊ.വി. ഡയറക്ടറുടെ 31/5/19 ലെ കത്ത് നം. ക്യൂഐപി 2/11756/19/DPI

അവധിക്കാല അധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയ അധ്യാപകരുടെ പേരും വിശദാംശങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ ഇന്ന് നാല് മണിക്ക് മുൻപായി deothrissur@gmail.com എന്ന വിലാസത്തിൽ e-mail ചെയ്യേണ്ടതാണ്. സ്കൂളിലെ എല്ലാ അധ്യാപകരും പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ Nil റിപ്പോർട്ട് അയക്കേണ്ടതാണ്. സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

ഹാർഡ് കോപ്പി പ്രധാനാധ്യാപകന്റെ സത്യവാങ്മൂലം ഉൾപ്പെടെ 18/6/19 നകം ജില്ലാവിദ്യാഭ്യാസ ആഫീസിലെത്തിക്കേണ്ടതാണ്. പങ്കെടുക്കാത്ത അധ്യാപകരുടെ വിശദീകരണം പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തി DEO യിൽ എത്തിക്കേണ്ടതാണ്.

For ജില്ലാവിദ്യാഭ്യാസ ആഫീസർ
തൃശ്ശൂർ

സ്വീകർത്താവ്

എല്ലാ പ്രധാനാധ്യാപകർക്കും

നം.ക്യു.ഐ.പി(2)/11756/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.17.6.2019.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- അവധിക്കാല അധ്യാപക പരിശീലനത്തിൽ പങ്കെടുക്കാത്തത് - സംബന്ധിച്ച്.

സൂചന:-

GS

18/6/19

****

അവധിക്കാല അധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയ അധ്യാപകരിൽ നിന്നും ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഒരാഴ്ചയ്ക്കുള്ളിൽ വിശദീകരണം ലഭ്യമാക്കേണ്ടതും, 15 ദിവസത്തിനുള്ളിൽ തങ്ങളുടെ റിമാർക്ക് സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് കൈമാറേണ്ടതുമാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ 21 ദിവസത്തിനുള്ളിൽ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകിയ മറുപടിയും തങ്ങളുടെ അഭിപ്രായവും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഏതെങ്കിലും ഉപജില്ല വിദ്യാഭ്യാസ ഓഫീസർ/ജില്ല വിദ്യാഭ്യാസ ഓഫീസർ/വിദ്യാഭ്യാസ ഉപഡയറക്ടർ ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം ടിയാനെതിരെ ശിക്ഷാ നടപടി ആരംഭിക്കുന്നതാണ്. ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ അധ്യാപകർ മുൻ വർഷങ്ങളിൽ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തിരുന്നോ എന്നുകൂടി പരിശോധിച്ച് റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

18/6

A3

ഇ മെയിൽ - dpiqipkerala@gmail.com

203/PDL/2019 തീ /9/19

എല്ലാ പ്രധാനാധ്യാപകരുടെയും അറിവിലേക്കും അനന്തരനടപടികളിലേക്കുമായി നൽകുന്നു.
പരിശീലനത്തിൽ പങ്കെടുക്കാത്ത അധ്യാപകരുടെ വിശദീകരണം പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തി DEOയിൽ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

DEO, TCR

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി